# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 182**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്*

കർത്താവിൽ വാത്സല്യമുള്ളവരെ

നമ്മുടെ സഭയുടെ സീനിയർ വികാരി ജനറാളായി അനുഗ്രഹകരമായ ശുശ്രൂഷകൾ നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന വന്ദ്യ ദിവ്യശ്രീ മാത്യു ജോൺ കശ്ശീശാ 2026 ഏപ്രിൽ 30-ാം തീയതി സഭയുടെ സജീവ സേവനത്തിൽ നിന്നു വിരമിക്കുകയാണ്.

2022 മാർച്ച് 01-ാം തീയതി മുതൽ വികാരി ജനറാൾ ആയി ധന്യമായ ശുശ്രൂഷയാണ് അച്ചനിൽ നിന്നും സഭയ്ക്ക് ലഭിച്ചിട്ടുള്ളത്. കോട്ടയം-കൊച്ചി ഭദ്രാസന വികാരി ജനറാൾ ആയും, 2024 ഡിസംബർ മാസം 26-ാം തീയതി മുതൽ സഭയുടെ സീനിയർ വികാരി ജനറാൾ ആയും, നിരണം-മാരാമൺ ഭദ്രാസന വികാരി ജനറാൾ ആയും ശ്രേഷ്ഠമായ ശുശ്രൂഷയാണ് അച്ചൻ നിർവ്വഹിച്ചത്. മെത്രാപ്പോലീത്തായുടെ പട്ടത്വ സുവർണ്ണജൂബിലി പദ്ധതികളായ 'അഭയം' പാർപ്പിടപദ്ധതിയുടെയും 'ലക്ഷ്യ' വിദ്യാഭ്യാസ സഹായ പദ്ധതിയുടെയും കൺവീനറായി ഫലപ്രദമായ രീതിയിൽ അച്ചൻ പ്രവർത്തിച്ചു. അച്ചനിലൂടെ സഭയ്ക്ക് ലഭിച്ച ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും, അച്ചന്റെ സേവനങ്ങൾക്കായി നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. സഭയിലെ സജീവ സേവനത്തിൽ നിന്നു വിരമിക്കുന്ന അച്ചന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹകരമാകുവാൻ എല്ലാവരും പ്രാർത്ഥിക്കണം.

2026 മെയ് മാസം 01-ാം തീയതി മുതൽ വന്ദ്യ ദിവ്യശ്രീ. തോമസ് കെ. ജേക്കബ് കശ്ശീശായെ മുംബൈ ഭദ്രാസന വികാരി ജനറാൾ സ്ഥാനത്തു നിന്നു വിടർത്തുകയും അന്നു മുതൽ സഭയുടെ സീനിയർ വികാരി ജനറാൾ ആയി നിയമിക്കുകയും ചെയ്യുന്നു. സീനിയർ വികാരി ജനറാൾ എന്ന ചുമതലയോടൊപ്പം നിരണം-മാരാമൺ ഭദ്രാസനത്തിന്റെ വികാരി ജനറാൾ എന്ന ചുമതലയും അച്ചന് ഉണ്ടായിരിക്കുന്നതാണ്. അച്ചന്റെ ശുശ്രൂഷകളും നേതൃത്വവും സഭയുടെ അർത്ഥവത്തായ ദൗത്യനിർവ്വഹണത്തിനും പുരോഗമനത്തിനും മുഖാന്തിരമായിത്തീരുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും നൽകണം.

അച്ചന്റെ ശുശ്രൂഷകൾ അനുഗ്രഹകരമായിത്തീരുവാൻ കർത്താവ് സഹായിക്കട്ടെ.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2026 ഏപ്രിൽ 30-ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

DR. THEODOSIUS MAR THOMA METROPOLITAN
MALANKARA MAR THOMA SYRIAN CHURCH

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ